# വട്ടംകുളം ഗ്രാമപഞ്ചായത്ത്

പതിനഞ്ചാം **വാർഡ് (തൈക്കാട്) സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്.**

**( 2018-2019 സാമ്പത്തികവർഷത്തിൽ 2018 ഒക്ടോബർ 1 മുതൽ 2019 മാർച്ച് 31 വരെ നടന്നിട്ടുള്ള പ്രവർത്തികളുടെ സോഷ്യൽ ഓഡിറ്റ്റിപ്പോർട്ട് - ഫൈനൽ)**

**തയ്യാറാക്കിയത് : മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളയുടെ മലപ്പുറം ജില്ലാ യൂണിറ്റ്/പൊന്നാനി ബ്ലോക്ക്**

**സമർപ്പണം: പതിനഞ്ചാം** വാർഡ് **ഗ്രാമസഭ മുമ്പാകെ.**

**തൊഴിലുറപ്പ് പദ്ധതിയിൽ ആറുമാസത്തിലൊരിക്കൽ നടന്നിരിക്കേണ്ട സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളുടെ ഭാഗമായി വട്ടംകുളംഗ്രാമ പഞ്ചായത്തിലെ 15ആം വാർഡിൽ നടത്തിയ 2018-19 വർഷത്തിലെ ഒക്ടോബർ 1 മുതൽ മാർച്ച് 31 വരെയുള്ള കാലഘട്ടത്തിലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങളുടെ സോഷ്യൽ ഓഡിറ്റ് കരട് റിപ്പോർട്ട് ആണിത്. കൂടുതൽ ചർച്ചകൾക്കും വിലയിരുത്തലിനും ഗ്രാമസഭയുടെ അംഗീകാരത്തിനുമായി ഗ്രാമസഭയുടെ മുമ്പിൽ സമർപ്പിക്കുന്നു.**

**ആമുഖം**

ഭാരതത്തിലെ ഗ്രാമീണ ജനതയുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനു വേണ്ടി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005 സെപ്റ്റംബർ അഞ്ചിന് പാർലമെൻറ് പാസാക്കിയ നിയമത്തിൻറെ പിൻബലമുള്ള അവകാശധിഷ്ഠിത പദ്ധതിയാണിത്. സ്ത്രീക്കും പുരുഷനും തുല്യ വേതനം ഉറപ്പുവരുത്തുന്നതിന് നോടൊപ്പം ഗ്രാമീണമേഖലയിലെ ഓരോ കുടുംബത്തിനും 100 ദിവസത്തെ വേതനത്തോടെ കൂടിയ അവിദഗ്ധ കായിക തൊഴിൽ ഈ നിയമം ഉറപ്പുവരുത്തുന്നു.

മലപ്പുറം ജില്ലയിലെ പൊന്നാനി ബ്ലോക്കിൽ പെട്ട് വട്ടംകുളം ഗ്രാമപഞ്ചായത്ത് 2084 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ളതാണ്.വടക്ക് ആനക്കര പഞ്ചായത്ത്,കിഴക്ക് കപ്പൂർ ഗ്രാമപഞ്ചായത്ത് പടിഞ്ഞാറ് എടപ്പാൾ പഞ്ചായത്തും തെക്കുഭാഗത്ത് കാലടി ഗ്രാമപഞ്ചായത്ത് സ്ഥിതിചെയ്യുന്നു. 2011 ലെ സെൻസസ് പ്രകാരം 36205 ജീവിക്കുന്ന ഈ ഗ്രാമപഞ്ചായത്തിൽ 18160 സ്ത്രീകളും 18045 പുരുഷന്മാരുമാണ്. ആകെ 19 വാർഡുകളാണ് ഈ പഞ്ചായത്തിലുള്ളത്.ഇതിൽ പതിനഞ്ചാം വാർഡ് ആയ തൈക്കാട് ആണ് സോഷ്യൽ ഓഡിറ്റ് തിരഞ്ഞെടുത്തത്. പൊതുവെ ജനവാസ കേന്ദ്രങ്ങളായ കുന്നിൻ പ്രദേശങ്ങളും നിറഞ്ഞതാണ്.

## രീതി ശാസ്ത്രം

വട്ടംകുളം ഗ്രാമ പഞ്ചായത്തിലെ പതിനഞ്ചാം വാർഡിലെ( തൈക്കാട്) സോഷ്യൽ ഓഡിറ്റ് പ്രക്രിയയുടെ ഭാഗമായി 2019 ഒക്ടോബർ19 മുതൽ 22 വരെ നടത്തിയവിശദമായ ഫയൽ പരിശോധനയും ഫീൽഡ് തല പരിശോധനകളും നടത്തി. 2018 ഒക്ടോബർ ഒന്നു മുതൽ 2019 മാർച്ച 31 വരെയുള്ള പ്രവർത്തികൾ മാത്രമാണ് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയിരിക്കുന്നത്. വട്ടംകുളം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, പ്രസിഡന്റ്,മെമ്പർ,അക്രെഡിറ്റെഡ് എഞ്ചിനീയർ തൊഴിലുറപ്പ് വിഭാഗത്തിലെ ഉദ്യോഗസ്ഥര് എന്നിവരെല്ലാം തന്നെ സോഷ്യൽ ഓഡിററ് പ്രക്രിയയ്ക്ക് വളരെയധികം സഹായകരമായ നിലപാടാണ് സ്വീകരിച്ചത്. കൂടാത ജെപിസി ,ബ്ലോക്ക് ഡെവലപ്മെൻറ് ഓഫീസർ, ജോയിന്റ്ബി.ഡി.ഒ എന്നീ ഉദ്യോഗസ്ഥന്മാരുടെയും പൂർണ പിന്തുണ സോഷ്യൽ ഓഡിറ്റിന് ഉണ്ടായിരുന്നു. ഫീൽഡ് പ്രവർത്തനങ്ങൾക്ക് മേറ്റായ ലക്ഷ്മി അവരുടെ സമയവും അറിവും അധ്വാനവും സ്വമേധയാ നൽകിയിട്ടുണ്ട്. വ്യക്തിജീവിതത്തിലെ പ്രതിസന്ധികൾക്കിടയിലും ഇതിനു സമയം കണ്ടെത്തിയ മേറ്റുമാരുടെ സമീപനം പ്രത്യേകം സ്മരിക്കുന്നു. വാർഡ് മെമ്പർ അവരുടെ അറിവുകളും സമയവും സോഷ്യൽ ഓഡിറ്റിനു വേണ്ടി നൽകിയിരുന്നു.. വർക്ക് ഫയലുകളുടെയും രജിസ്റ്ററുകളുടെയും വിശദമായ പരിശോധന, പ്രവർത്തി നടന്നിട്ടുള്ള സ്ഥലങ്ങളുടെ നേരിട്ട് ചെന്ന് വിശദമായ പരിശോധന, വീടുവീടാന്തരം കയറിയിറങ്ങിയുള്ള ഗുണഭോക്താക്കളുമായുള്ള അഭിമുഖങ്ങൾ, അങ്ങനെ വിശദമായ പ്രവർത്തനങ്ങളാണ് സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളുടെ ഭാഗമായി നടന്നിട്ടുള്ളത്.

## തൊഴിലുറപ്പ്നിയമം തൊഴിലാളികൾക്ക് ഉറപ്പ്നൽകുന്ന പത്ത് അവകാശങ്ങൾ

1. തൊഴിൽ കാർഡിനു അപേക്ഷിക്കുവാൻ ഉള്ള അവകാശം.
2. അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കുവാനുള്ള അവകാശവും ആയതിന് കൈപ്പറ്റ് റസീത് ലഭിക്കുന്നതിനും ഉള്ള അവകാശം.
3. അല്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം.
4. ആദ്യത്തെ 30 ദിവസം (1/4 &പിന്നീടുള്ള ദിവസങ്ങളിൽ 1/2)ഷെൽഫ്ഓഫ് പ്രോജകറ്റ് തയ്യാറാക്കുവാനുള്ള അവകാശം.
5. അഞ്ച് കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിക്കാനുള്ള അവകാശം.അല്ലെങ്കിൽ വേതനത്തിന്റെ 10% അധികംലഭിക്കുവാനുള്ള അവകാശം.
6. കുടിവെള്ളം, വിശ്രമസൗകര്യം, പ്രഥമശുശ്രൂഷ സൗകര്യം ഇവലഭിക്കുന്നതിനുള്ള അവകാശം.
7. 15ദിവസത്തിനുള്ളിൽ വേതനംലഭിക്കുന്നതിനുള്ള അവകാശം.
8. വേതനവിതരണത്തിലെ കാലതാമസത്തിന് നഷ്ടപരിഹാരം ലഭിക്കുവാനുള്ള അവകാശം.
9. സമയബന്ധിതമായുള്ള പരാതി പരിഹാരത്തിനുള്ള അവകാശം.
10. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം.

## വട്ടംകുളം ഗ്രാമപഞ്ചായത്തിലെ പതിനഞ്ചാം വാർഡിലെ തൊഴിലുറപ്പ് പദ്ധതി:

ആറാം വാർഡിൽ238 ആളുകൾ തൊഴിൽ കാർഡ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 32ഓളം ആളുകൾ ഇപ്പോൾ തൊഴിലുറപ്പ് പദ്ധതിയിൽ സജീവ പ്രവർത്തകരായുണ്ട്.ഈ വാർഡിൽ മറ്റു വർഡില്നിന്നുള്ളവരും വർക്ക് ചെയ്യുന്നുണ്ട്.ഈ വാർഡിൽ കഴിഞ്ഞ ആറുമാസത്തിനുള്ളിൽ നടപ്പിലാക്കിയ രണ്ട് പ്രവൃത്തികളെ സംബന്ധിച്ച് വിശദ വിവരങ്ങൾ ആണ് ലഭിച്ചത്.ഇവ താഴെ പട്ടികയിൽ ചേർക്കുന്നു.

## പദ്ധതിയുടെ നടത്തിപ്പ് സംവിധാനങ്ങൾ

തൊഴിലുറപ്പ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി വാർഡ് തലത്തിലുള്ള തൊഴിലാളികളും മേറ്റുമാരും,കൂടാതെ ഗ്രാമ പഞ്ചായത്തിൻറെ ഓഫീസിലെ തൊഴിലുറപ്പ് വിഭാഗത്തിലെ ജീവനക്കാരായ ഒരു അക്രഡിറ്റഡ് എൻജിനീയറും( അനുഷ) , ഓവർസിയർ (നിഖിൽ) , രണ്ട് deo അക്കൗണ്ടൻറ് മാരും(വസന്ത, ശ്വേത) ,ഇതുകൂടാതെ വാർഡ് തലത്തിൽ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനായി വാർഡ് മെമ്പർ (ഷെരീഫ) എന്നിവരുടെയും സജീവ സാന്നിധ്യം നിലവിലുണ്ട്.

## പ്രവൃത്തി സംബന്ധിച്ച വിവരങ്ങൾ

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | പ്രവൃത്തിയുടെ കോഡ് |
|---|---|---|
| 1 | **ചെറുകിട കർഷകരുടെ ഭൂമിയിൽ മണ്ണ്-ജല സംരക്ഷണം -ഘട്ടം-1** | **IF/350850** |
| 2 | **IHHL ബിന്ദു പുതുപ്പറമ്പിൽ** | **RS/332903** |

**സെവൻ രജിസ്റ്റർ പരിശോധന സംബന്ധിച്ചത് :**

- തൊഴിൽ കാർഡ് രജിസ്റ്റർ 2018_ 19 സാമ്പത്തികവർഷം വരെ തൊഴിലിന് അപേക്ഷയുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.
- തൊഴിൽ കാർഡ് വിതരണ രജിസ്റ്റർ പരിശോധിച്ചപ്പോൾ 2018 -19 ൽ 238 പേർക്ക് തൊഴിൽ നൽകിയതായി കാണാൻ കഴിഞ്ഞു.
- തൊഴിൽ ആവശ്യപ്പെട്ടതും, തൊഴിൽ അനുവദിച്ചതും വിവരങ്ങൾ തൊഴിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.
- പരാതി രജിസ്റ്ററിൽ 2018 -19 സാമ്പത്തിക വർഷത്തിൽ ഒരു പരാതികളൊന്നും രേഖപ്പെടുത്തിയിട്ടില്ല .
- മെറ്റീരിയൽ രജിസ്റ്ററിൽ 2018- 19 അത് സാമ്പത്തികവർഷത്തെ 15 ആം വാർഡിൽ ചെയ്ത മെറ്റീരിയൽ പ്രവർത്തിയുടെ സാധന ഘടകങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.
- സ്ഥിര ആസ്തി രജിസ്റ്ററിൽ 2018 19 സാമ്പത്തിക വർഷത്തിലെ പ്രവർത്തിയുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.
- തൊഴിലുറപ്പ് വിഭാഗത്തിനായി പ്രത്യേകം ഗ്രാമസഭാ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

**വർക്ക് ഫയലുകൾ**

- മൂന്ന് പ്രവർത്തികളുടെ വർക്ക് ഫയലുകൾ പരിശോധിച്ചപ്പോൾ ആനുവൽ മാസ്റ്റർ സർക്കുലർ അധ്യായം 7 പ്രകാരം വർക്ക് ഫയലിൽ ഉണ്ടായിരിക്കേണ്ട 22 രേഖകളിൽ നാല് പ്രവർത്തികളിൽ 11 രേഖകൾ കാണാൻ കഴിഞ്ഞു.
- ഫയലിൽ ലഭ്യമല്ലാത്ത രേഖകൾ : ,ചെക്ക് ലിസ്റ്റ് ,ആക്ഷൻപ്ലാൻ,CIB ബില്ല്,വർക്ക് അലൊക്കേഷൻ ഫോം,വേജ് ലിസ്റ്റ്, FTO, റോയലിറ്റി,ജിയോ ടാഗുള്ള ഫോട്ടോകൾ ,സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് കോപ്പി...

**കവർ പേജ്**

- പരിശോധിച്ച് രണ്ട് ഫയലുകളിലും എ.എം.സി ഫോർമാറ്റിലുള്ള കവർപേജ് ഉൾപ്പെടുത്തിയിട്ടുണ്ട്.
- പ്രവൃത്തിയുടെ പേര്, കോഡ്, പ്രവർത്തി ആരംഭിച്ച ദിവസം, അവസാനിച്ച ദിവസം എസ്റ്റിമേറ്റ് തുക, യഥാർത്ഥ ചിലവ് എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.
- എന്നാൽ സാങ്കേതിക വിദഗ്ധരുടെ ഒപ്പ്, സീൽ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

## എസ്റ്റിമേറ്റ്

- പരിശോധിച്ച രണ്ടു  ഫയലുകളിലും എസ്റ്റിമേറ്റ് കോപ്പി ഉൾപ്പെടുത്തിയതായി കാണുവാൻ സാധിച്ചു.
- വിശദമായ എസ്റ്റിമേറ്റ് എല്ലാ ഫയലുകളിലും ഉൾപ്പെടുത്തിയിട്ടുണ്ട്.
- എന്നാൽ അബ്സ്ട്രാക്ട് എസ്റ്റിമേറ്റ് IHHL ബിന്ദു പുതുപ്പറമ്പിൽ (RS/332903) എന്ന ഫയലിൽ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.
- എസ്റ്റിമേറ്റിൽ ഓവർസിയർ, അക്രെഡിറ്റെഡ് എന്ജിനീയർ, അസിസ്റ്റൻസ് എൻജിനീയർ എന്നിവരുടെ ഒപ്പ്,സീൽ,തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

## സാങ്കേതിക അനുമതി

- പരിശോധിച്ച് 2 ഫയലുകളിലും സാങ്കേതിക അനുമതിയുടെ  സെക്യൂറിൽ നിന്നുള്ള കോപ്പി ഉൾപ്പെടുത്തിയിട്ടുണ്ട്.
- ചെറുകിട കർഷകരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം ഘട്ടം -1എന്ന ഫയലിൽ മാത്രമാണ് മാനുവൽ കോപ്പി ഉൾക്കൊള്ളിച്ചിട്ടുള്ളത്.
- ഭരണാനുമതി നമ്പർ, തീയതി, എസ്റ്റിമേറ്റ് തുക തൊഴിലാളി സാധനങ്ങൾ എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്.
- IF /350850 എന്ന ഫയലിൽ മാത്രമാണ്   അസിസ്റ്റന്റ് എൻജിനീയർ,  അക്രെഡിറ്റഡ് എഞ്ചിനീയർ, ഓവർസിയർ എന്നിവരുടെ ഒപ്പ്, സീൽ  എന്നിവ കാണാൻ കഴിഞ്ഞത്.
- സെക്യൂറിൽ നിന്നുള്ള കോപ്പികളിൽ ഒന്നിലും തന്നെ സാങ്കേതിക വിദഗ്ധരുടെ ഒപ്പ്, സീൽ എന്നിവ കാണാൻ സാധിച്ചില്ല.

## ഭരണാനുമതി

- പരിവശാധിച്ച രണ്ടു ഫയലുകളിലും സെക്യൂറിൽ നിന്നുള്ള ഭരണാനുമതിയുലെ പകർപ്പ്സൂക്ഷിച്ചിടുണ്ട്...
- പഞ്ചായത്ത് സെക്രട്ടറിയുടെ സീലും ഒപ്പും രേഖപ്പെടുത്തിയിട്ടില്ല.

**മസ്റ്ററോൾ**

- പരിശോധിച്ച് 2 ഫയലുകളിലും മസ്റ്ററോൾ ഉണ്ടായിരുന്നു.
- എം ബുക്ക് നമ്പർ ,ഷാർപ്പെനിങ് ചാർജ്, എഫ്.ടി.ഒ നമ്പർ എന്നിവ രണ്ട് ഫയലുകളിലെ മസ്റ്ററോളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.
- RS/332903 എന്ന ഫയലിൽ വിദഗ്ധ,അവിദഗ്ധ തൊഴിലായികളുടെ പ്രത്യേക മസ്റ്ററോൾ സൂക്ഷിച്ചിട്ടുണ്ട്.
- ഈ ഫയലിൽ മാത്രമാണ് ഓവർസിയർ ഒപ്പ് വച്ചിട്ടുള്ളത്,രണ്ട് ഫയലുകളിലും മേറ്റ് ഒപ്പ് വച്ചിട്ടുണ്ട്.
- IF/350850 എന്ന ഫയലിൽ സൂക്ഷിച്ചിട്ടുള്ള മസ്റ്ററോളിൽ 8 വെട്ടിത്തിരുത്തലുകൾ ഉണ്ടായിരുന്നു.
- വിദഗ്ധ തൊഴിലാളികളുടെ മസ്റ്ററോളിൽ മേറ്റ് ഒപ്പ് രേഖപ്പെടുത്തിട്ടില്ല.
- രണ്ട് മസ്റ്ററോളുകളിലും തീയതി രേഖപ്പെടുത്തിയിട്ടില്ല.

**വേജ് ലിസ്റ്റ്**

- ഫയലുകളിൽ വേജ് ലിസ്റ്റ് സൂക്ഷിച്ചിട്ടുണ്ട്.
- IHHL ബിന്ദു പുതുപ്പറമ്പിൽ (RS/332903) എന്ന ഫയലിൽ വിദഗ്ധ ,അവിദഗ്ധ തൊഴിലാളികളുടെ വേജ് ലിസ്റ്റുകൾ പ്രത്യേകം സൂക്ഷിച്ചിട്ടുണ്ട്.

**എഫ്.ടി. ഒ**

- പരിശോധിച്ച് ഫയലിൽ  എഫ്. ടി. ഒ ഉൾപ്പെടുത്തിയിട്ടുള്ളത്.
- വേജ് ലിസ്റ്റ് പ്രകാരമുള്ള എഫ്.ടി.ഒ ലഭ്യമാണ്.

**ഡിമാൻഡ് ഫോം**

- ചെറുകിട കർഷകരുടെ ഭൂമിയിൽ മണ്ണ് ജലസംരക്ഷണം(IF/350859) എന്ന ഫയലിൽ തൊഴിൽ  ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ സൂക്ഷിച്ചിട്ടുണ്ട്.
- 41 ആളുകൾ തൊഴിലിനു വേണ്ടി അപേക്ഷിച്ചിട്ടുണ്ട്.  അപേക്ഷ നൽകിയവർ എല്ലാവരും തന്നെ പേര്, ഒപ്പ്, തൊഴിൽ കാർഡ് നമ്പർ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.
- IHHL ബിന്ദു പുതുപ്പറമ്പിൽ(RS/332903) എന്ന ഫയലിൽ തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ സൂക്ഷിച്ചിട്ടില്ല.

### മസ്റ്റ‌റോൾ മൂവ്മെന്റ് സ്ലിപ്

- രണ്ടു  ഫയലുകളിലും പ്രവർത്തികളുടെ കൂടെ മസ്റ്റർ റോൾ മൂവ്മെൻറ് ക്ലിപ്പ് സൂക്ഷിച്ചിട്ടുണ്ട് ഉണ്ട്. ഇതിൽ മസ്റ്റർ റോൾ നമ്പർ ഉൾപ്പെടുത്തിയിട്ടുണ്ട്.
- RS/332903 എന്ന ഫയലിൽ FTO ഫസ്റ്റ്, സെക്കന്റ് എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.

### എം ബുക്ക്

- പരിശോധിച്ച രണ്ടു ഫയലുകളിലും എം ബുക്ക് ഉൾപ്പെടുത്തിയിട്ടുണ്ട്.
- എം ബുക്കിൽ  പ്രവർത്തിയുടെ പേര്  എം ബുക്ക് നമ്പർ ,പേജ് നമ്പർ എന്നിവ എല്ലാത്തിലും രേഖപ്പെടുത്തിയിട്ടുണ്ട്.
- IF/350859(Mbook 108/18-19) എന്ന ഫയലിൽ അക്റക്രെഡിറ്റഡ് എഞ്ചിനീയരുടെ ഒപ്പും,ഓവർസിയർ, സെക്രട്ടറി എന്നിവരുടെ ഒപ്പ് ,സീൽ എന്നിവയും രേഖപ്പെടുത്തിയിട്ടുണ്ട്.
- ഓവർസിയർ തീയതിയും രേഖപ്പെടുത്തിയിട്ടുണ്ട്.
- എം ബുക്കിൽ വെട്ടിത്തിരുത്തലുകൾ ഉണ്ടായിരുന്നു.
- വേജ്, രേന്റ്റ്, ഡിസ്പ്ലെ ബോർഡിന്റെ ചെലവ് എന്നിവ എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്.
- RS/332903(MBook 147/18-19) എന്നതിൽ സെക്രട്ടറി, ഓവർസിയർ, അക്റക്രെഡിറ്റഡ് എഞ്ചിനീയർ എന്നിവരുടെ ഒപ്പ്, സീൽ എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.
- ഓവർസിയർ, അക്റക്രെഡിറ്റഡ് എഞ്ചിനീയർ എന്നിവർ ഒപ്പിനോടൊപ്പം തീയതിയും രേഖപ്പെടുത്തിയിട്ടുണ്ട്.
- വിദഗ്ധ,അവിദഗ്ധ, മെറ്റീരിയൽ എന്നിവയുടെ തുക രേഖപ്പെടുത്തിയിട്ടുണ്ട്.
- എം ബുക്കിൽ ചിലയിടത്തായി തിരുത്തലുകൾ കാണുന്നുണ്ട്.

### മെറ്റീയൽ സംബന്ധിച്ച വിവരങ്ങൾ

- RS/332903 എന്ന ഫയലിൽ  മെറ്റീരിയൽ ലിസ്റ്റ്,മെറ്റീരിയൽബിൽ എന്നിവ  സൂക്ഷിച്ചിട്ടുണ്ട്
- ബിൽ നമ്പർ, തീയതി ,ഉടമയുടെ പേര് എന്നിവ നൽകിയിട്ടുണ്ട്.
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡിന്റെ ടെന്റർ വിളിച്ചതും അത് അനുവദിച്ചുകൊണ്ടുള്ള ഭരണസമിതി തീരുമാനവും ഉൾപ്പെടുന്ന രേഖകൾ എന്നിവ ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല.

## സൈറ്റ് ഡയറി

- പരിശോധിച്ച് രണ്ടു ഫയലുകളിൽ ചെറുകിട കർഷകരുടെ ഭൂമിയിലെ മണ്ണ് ജലസംരക്ഷണം എന്ന ഫയലിൽ മാത്രമേ സൈറ്റ് ഡയറിരേഖപ്പെടുത്തിയിട്ടുള്ള.
- പഞ്ചായത്ത്, പ്രവൃത്തിയുടെ പേര്, വാർഡ്, മേറ്റ് ,പ്രവർത്തി സ്ഥലത്തെ സൗകര്യങ്ങൾ,ചെക്ക് list, വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി റിപ്പോർട്ട് ,മീറ്റിംഗ് എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.
- ഉപകരണങ്ങളുടെ വാടക, തൊഴിലാളികളുടെ സാക്ഷ്യപത്രം, പദ്ധതി ചിലവ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല.
- മീറ്റിങ്ങിൽ എ ഡി സി വോളണ്ടിയർ, വാർഡ് മെമ്പർ, എ ഇ/ ഓവർസിയറുടെ വിവരങ്ങൾക്ക് രേഖപ്പെടുത്തിയിട്ടില്ല.

## കണ്ടെത്തലുകൾ

- പരിശോധിച്ച് രണ്ട് ഫയലുകളിൽ എ എം സി പ്രകാരമുള്ള കവർപേജ് ,സാങ്കേതികാനുമതി ,ഭരണാനുമതി, എസ്റ്റിമേറ്റ്, മാസ്റ്ററോൾ,വെയ്ജ് ലിസ്റ്റ് ,എംബുക്ക്,മസ്റ്ററോൾ മൂവ്മെന്റ് സ്ലിപ്പ്,എഫ്.ട്ടി.ഒ എന്നീ രേഖകൾ കാണുവാൻ സാധിച്ചു.
- രണ്ടു ഫയലുകളിലും (IF/350850,RS/332903) മൂല്യനിർണയ സാക്ഷ്യപത്രം ഉൾക്കൊള്ളിച്ചിട്ടുണ്ട്.
- IF/350850 എന്ന ഫയലിൽ തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ സൂക്ഷിച്ചിട്ടുണ്ട്.
- RS/332903 എന്ന ഫയലിൽ മെറ്റീരിയൽ ലിസ്റ്റ്,ബില്ല് എന്നിവ ഉൾക്കൊള്ളിച്ചിട്ടുണ്ട്.
- സെക്രട്ടറി യുടെ ഒപ്പും സീലും അടങ്ങിയ SC/BPL പ്രവൃത്തി പൂര്ത്തീകരിച്ചതായുള്ള സാക്ഷ്യപത്രം IF/350850 എന്ന ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
- മസ്റ്ററോൾ, എം ബുക്ക് എന്നിവയിൽ വെട്ടിത്തിരുത്തലുകൾ ഉണ്ടായിരുന്നു.
- ചെക്ക് ലിസ്റ്റ്, ഫോട്ടോഗ്രാഫ്, ജിയോ ടാഗ് ഫോട്ടോഗ്രാഫ് നാല് ഫയലുകളിലും ഉൾക്കൊള്ളിച്ചിട്ടില്ല.
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡിൻറെ ബില്ല് ഫയലുകളിൽ ഒന്നുംതന്നെ സൂക്ഷിച്ചിട്ടില്ല.

## CIB യെ കുറിച്ചുള്ള വിവരങ്ങള്

പദ്ധതിയുടെ നടത്തിപ്പിന്റെ സുതാര്യത ഉറപ്പ് വരുത്തുന്നതിന് വേണ്ടി തൊഴിലുറപ്പിൽ സ്ഥാപിക്കാറുള്ള സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് എല്ലാ സ്ഥലങ്ങളിലും കാണാൻ കഴിഞ്ഞില്ല.എന്നാൽ അതിനുള്ള ചെലവുകൾ വന്നതായി എം ബുക്കിൽ നിന്നും മനസ്സിലാക്കാനും കഴിഞ്ഞു.

- IHHL ബിന്ദു പുതുപ്പറമ്പിൽ (IF/350850)   എന്നതിൽ CIB സ്ഥാപിച്ചിട്ടുണ്ട്.
- ചെറുകിട കർഷകരുടെ ഭൂമിയിലെ മണ്ണ് ജലസംരക്ഷണം(IF/350850) എന്നതിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കാണാൻ സാധിച്ചിട്ടില്ല. എന്നാൽ  3000 രൂപ ബോർഡ് സ്ഥാപിക്കാൻ ചിലവ് വന്നതായി എം ബുക്കിൽ  രേഖപ്പെടുത്തിയിട്ടുണ്ട്.
- വാർഷിക മാസ്റ്റർ സർക്കുല ർ     അദ്ധ്യായം 10.6,11.7,13 ,തൊഴിലുറപ്പ് നിയമത്തിലെ ഷെഡ്യൂള്    2 ചാപ്റ്റര്     22.4 എന്നിവ പ്രകാരം പ്രവൃത്തി സ്ഥലത്ത് സിറ്റിസണ് ഇൻഫമേഷൻ ബോർ ഡ് നിർബന്ധമായും സ്ഥാപിയ്ക്കണം എന്ന് പറയുന്നു.

## അവകാശ നിഷേധങ്ങൾ

- തൊഴിൽ സ്ഥലത്തെ സൗകര്യങ്ങൾ
    - പ്രവർത്തി സ്ഥലത്ത് അപ്രതീക്ഷിതമായി എന്തെങ്കിലും അപകടങ്ങൾ ഉണ്ടായാൽ പ്രഥമ ശുശ്രൂഷ നൽകാൻ ഉള്ള സംവിധാനമായ ഫസ്റ്റ് എയ്ഡ് ബോക്സ് ലഭ്യമല്ല.
    - മരുന്നുകൾ തൊഴിലാളികൾ സ്വന്തം ചെലവിൽ വാങ്ങിയവയാണ് നിലവിൽ ഉള്ളത്.
    - വേനൽക്കാലത്ത് തണൽ നാല്കുന്നതിനുള്ള ടാർപ്പോളിൻ  ഷീറ്റ്,മണ്ണിലും ചെളിയിലും പണിയെടുക്കുന്നതിനു ആവശ്യമായ ബൂട്സ് ,ഗ്ലൌസ് എന്നിവ ലഭ്യമായിട്ടില്ല.
    - തൊഴിലുറപ്പ് നിയമത്തിലെ ഷെഡ്യൂള്   2, അദ്ധ്യായം 23, വാർഷിക മാസ്റ്റർ സർക്കുലറിലെ അധ്യായം 8-8.2 പ്രകാരം പ്രവൃത്തി സ്ഥലത്ത വേണ്ട അടിസ്ഥാന സൗകര്യങ്ങളായ പ്രഥമ ശുശ്രൂഷ കിറ്റ്,കുടിവെള്ളം,തണൽ സൗകര്യം,സുരക്ഷാ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുക എന്നത് ബന്ധപ്പെട്ട സ്ഥാപനത്തിന്റെ (പഞ്ചായത്ത്)ഉത്തരവാദിത്തമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.ഈ നിയമത്തിന്റെ ലംഘനമാണ് ഇത് സൂചിപ്പിക്കുന്നത്.

## വിജിലെൻസ് ആന്റ് മോണിറ്ററിങ് കമ്മിറ്റി

- വാർഡിൽ ഒരു വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി ഉണ്ടെങ്കിലും അത് പ്രവർത്തനക്ഷമമല്ല.
- പ്രവൃത്തിക്ക് മുന്നോടിയായുള്ള മീറ്റിങ് നടത്താറില്ല, പ്രവൃത്തി സ്ഥലങ്ങളിൽ പരിശോധനക്ക് ചില അംഗങ്ങൾ മാത്രമാണ് വരുന്നത്.
- വി.എം. സി അംഗങ്ങളിൽ ചിലരുടെ  ഒപ്പ്  അവരുടെ അടുത്ത് ചെന്ന് വാങ്ങേണ്ട അവസ്ഥയാണ് നിലവിലുള്ളത്.

## പരാതി പരിഹാര സംവിധാനം

- തൊഴിലുറപ്പുമായി ബന്ധപ്പെട്ട പരാതികൾ രേഖപ്പെടുത്തുന്നതിനായി പഞ്ചായത്തിൽ പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. ഇതിനോടൊപ്പം ഏതൊരാൾക്കും തൊഴിലുറപ്പു മായി ബന്ധപ്പെട്ട പരാതികൾ രേഖപ്പെടുത്തുന്നതിനായി ദേശീയതലത്തിലും സംസ്ഥാനതലത്തിലും ടോൾഫ്രീ നമ്പർ( 1800 425 1004)ലഭ്യമാണ്

## നിരീക്ഷണങ്ങൾ

### o *മേറ്റ് മാരെ സംബന്ധിച്ചുള്ള നിരീക്ഷണങ്ങൾ*

- പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് മേൽനോട്ടം വഹിക്കുന്നതിനായി നിലവിൽ ലക്ഷ്മി എന്ന ഒരു മേറ്റ് മാത്രമാണ് വാർഡിതലുള്ളത്.
- മേറ്റിന് അടിസ്ഥാനപരമായ ചില അറിവുകളുടെ അപര്യാപ്തത ഉണ്ട്.
- തൊഴിലുറപ്പുമായി ബന്ധപ്പെട്ട തൊഴിലുറപ്പ് നിയമം, അവകാശങ്ങൾ മറ്റ് അടിസ്ഥാന വിവരങ്ങൾ എന്നിവ കുറിച്ച് മേറ്റ്മാർക്ക് ബോധവൽക്കരണം നൽകുകയാണെങ്കിൽ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമതയോടും ഗുണമേന്മയോടും കൂടി ചെയ്യാൻ സാധിക്കും.
- മേറ്റുമാരാണ് മസ്റ്ററോൾ പഞ്ചായത്തിൽ നിന്നും വാങ്ങുന്നതും തിരികെ അവിടെ എത്തിക്കുന്നതും.

### o *തൊഴിൽ കാർഡ്*

- വാർഡിലെ തൊഴിലാളികളെ നേരിൽകണ്ട് സംസാരിച്ചതിൽ നിന്നും അവരുടെ തൊഴിൽ കാർഡ് അവർ തന്നയാണ് സൂക്ഷിച്ചിരിക്കുന്നത് എന്ന് മനസ്സിലാക്കാൻ കഴിഞ്ഞു.
- തൊഴിൽ കാർഡിൽ തൊഴിലാളികളുടെ ഹാജർ വിവരങ്ങൾ തൊഴിൽ ആവശ്യപ്പെട്ട തീയതി,ആവശ്യപ്പെട്ട കാലയളവ്, തൊഴിൽ ചെയ്ത കാലയളവ്, തൊഴിൽദിനങ്ങൾ, മസ്റ്റർ റോൾ നമ്പർ, ലഭിച്ച കൂലി എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്.
- പുതിയ തൊഴിൽ കാർഡ് എടുക്കുന്നതിന് ആവശ്യമായ ഫോട്ടോ സ്വന്തം ചിലവിൽ എടുത്തതാണ്. തൊഴിലുറപ്പ് നിയമം അനുശാസിച്ച ഇതുമായി ബന്ധപ്പെട്ട ഒരു ആവശ്യങ്ങൾക്കും തൊഴിലാളികൾ കാശുമുടക്കേണ്ടതില്ല.

### o *പ്രവൃത്തികളുടെ തിരഞ്ഞെടുപ്പ് നടപ്പിലാക്കൽ സംബന്ധിച്ച് നിരീക്ഷണം*

- വാർഡിൽ 32 ഓളം സജീവ തൊഴിലാളികളുണ്ട്.
- പഞ്ചായത്തിൽനിന്ന് ലഭ്യമാക്കിയ പണിയായുധങ്ങളും തൊഴിലാളികൾ കൊണ്ടുവരുന്ന പണിയായുധങ്ങളും പ്രവർത്തി സ്ഥലത്ത് ഉപയോഗിക്കുന്നുണ്ട്. തൊഴിലാളികൾ കൊണ്ടുവരുന്ന ആയുധങ്ങൾക്ക് അഞ്ചുരൂപ നിരക്കിൽ അവർക്ക് വാടക ലഭിക്കുന്നതായി മനസ്സിലാക്കാൻ

സാധിച്ചു.

- എസ്റ്റിമേറ്റ് ജനകീയ ഭാഷയിൽ അല്ലാത്തതും തരുന്ന എസ്റ്റിമേറ്റ് കോപ്പി വ്യക്തമല്ലാത്തതും ഒരു ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്.
- പുതിയതൊഴിൽ തുടങ്ങുന്നതിന് മുന്നോടിയായി വി. എം. സി അംഗങ്ങളുടെ നേതൃത്വത്തിൽ മീറ്റിങ് നടത്താറില്ല.
- വ്യക്തിഗത ആസ്തികളിൽ പണിയെടുതിട്ടുള്ള വീടുകളിൽ ഭൂരിഭാഗവും തൊഴിൽ കാർഡ് എടുത്തവരാണ്. എന്നാൽ അവർ മിക്കവരും പ്രവർത്തകരല്ല.
- വ്യക്തിഗത പ്രവർത്തികളിൽ ഉടമസ്ഥർ ആരുംതന്നെ പ്രവർത്തിയിൽ പങ്കാളികൾ ആകാറില്ല.

o **പ്രവൃത്തിയുടെ സ്ഥല പരിശോധനയിൽ നിന്നും മനസ്സിലായത്**

- വ്യക്തഗത പ്രവൃത്തികൾ നടത്തിയ സ്ഥലങ്ങളുടെ വിവരങ്ങൾ മേറ്റ് സൂക്ഷിച്ചു വച്ചത് സ്ഥലപരിശോധനയെ വളരെയധികം സഹായിച്ചു.മേറ്റിന്റെ ഈ പ്രവത്തി അഭിനന്തനാര്ഹമാണ്.
- IF/350850 എന്ന പ്രവൃത്തിയുടെ ഡിസ്പ്ലേ ബോർഡിന് തുക (3000 രൂപ) എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബോർഡ് എവിടെയും വച്ചതായി കാണാൻ സാധിച്ചിട്ടില്ല.
- ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിലെ മണ്ണ് ജല സംരക്ഷണത്തിന് ഭാഗമായി നിർമ്മിച്ച മഴക്കുഴികൾ എല്ലാം തന്നെ നശിച്ച അവസ്ഥയിലാണ്..

o **ഗുണമേന്മ**

- IHHL (കക്കൂസ്) നല്ല ഗുണമേന്മ ഉള്ളതാണ്.
- ഭൂവികസന പ്രവർത്തനങ്ങൾ എല്ലാം തന്നെ നശിച്ച അവസ്ഥയിലാണ്.

o **മെറ്റീരിയൽ വർക്ക് സംബന്ധിച്ച വിവരങ്ങൾ**

- മെറ്റീരിയൽ വർക്കിന്റെ മെറ്റീരിയൽ ലിസ്റ്റ്,ബില്ല് എന്നിവ സൂക്ഷിച്ചിട്ടുണ്ട്.
- സാധന ഘടകങ്ങൾക്ക് ക്വട്ടേഷൻ അനുവതിച്ചതിന്റെയും ടെന്റർ അനുവതിച്ചു കൊണ്ടുള്ള ഭരണസമിതിയുടെ രേഖകൾ എന്നിവ ഫയലിൽ കാണാൻ സാധിച്ചില്ല.


- **തൊഴിലാളികളുടെ ആവശ്യങ്ങൾ**
  - തൊഴിലാളികൾക്ക് കാടുവെട്ടിതെളിക്കൽ,തെങ്ങിന് തടം ഐെഡൽ എന്നീ പ്രവർത്തികൾ വേണമെന്ന ആവശ്യം ഉന്നയിച്ചു.
  - പുതുതായി വരുന്ന നിയമങ്ങൾ പ്രവൃത്തികൾ ലഭിക്കുന്നതിന് തടസ്സമുണ്ടാക്കുന്നുണ്ട്.
- **പുതിയ പ്രവർത്തികൾ ഏറ്റെടുക്കുന്ന സംബന്ധിച്ചുള്ള സോഷ്യൽഓഡിറ്റ് യൂണിറ്റിന് അഭിപ്രായങ്ങൾ:**
  - ഓരോ പ്രദേശത്തും തൊഴിലാളികൾക്ക് ചെയ്യാൻ പറ്റുന്ന പ്രവർത്തികൾ തിരഞ്ഞെടുക്കുക.
  - തൊഴിൽ എന്നതിലുപരി തൊഴിലാളികൾക്ക് ആദായം ലഭിക്കുന്ന പ്രവൃത്തികൾ ഏറ്റെടുക്കാൻ ശ്രമിക്കുക.

**<u>ഓഡിറ്റ് ടീം</u>**

1. **_ഹർഷ കെ. പി (VRP കുറ്റിപ്പുറം ബ്ലോക്ക്)**
2. **ശ്രിബിലി ശ്രീനിവാസ് വി. പി (VRP കുറ്റിപ്പുറം ബ്ലോക്ക്)**
3. **ഹസീബ എ. വി (VRP കുറ്റിപ്പുറം ബ്ലോക്ക്)**

**<u>അനുബന്ധം</u>**

പ്രവൃത്തി സ്ഥലത്തു അവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് വേണ്ടിയുള്ള അപേക്ഷ



22/10/2019

15-ാം വാർഡ്

[illegible] ഗ്രാമപഞ്ചായത്ത്

[illegible] ഗ്രാമപഞ്ചായത്തിലെ 15-ാം വാർഡിൽ ഉൾപ്പെടുന്ന [illegible] എന്ന പ്രദേശത്ത് മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്ന ഞങ്ങൾക്ക് ജോലിസ്ഥലത്ത് [illegible] ആവശ്യമായ [illegible], [illegible], [illegible] ആവശ്യമായ [illegible], ഫസ്റ്റ് എയ്ഡ് കിറ്റ് എന്നിവ ലഭിക്കുന്നില്ല.

എന്ന്

[illegible]

## സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ റിപ്പോർട്ട്

വട്ടംകുളം ഗ്രാമപഞ്ചായത്തിലെ വാർഡ് 15(തൈക്കാട് )ന്റെ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 23/10/2019 ബുധനാഴ്ച്ച രാവിലെ 11മണി ക്ക് വട്ടംകുളം കൃഷിഭവനിൽ വച്ചു നടന്നു. വാർഡിലെ തൊഴിലുറപ്പ് തൊഴിലാളികൾ ,അക്കൗണ്ടന്റ് കം ഡി. ഇ.ഒ വസന്ത, വി. ആർ. പി മാരായ ശ്രിബിലി,ഹസീബ,ഹർഷ, ബി. ആർ. പി അഞ്ചു തുടങ്ങിയവർ സഭയിൽ സാന്നിധ്യം വഹിച്ചു.സഭയിൽ അധ്യക്ഷനായി തൊഴിലാളികളിൽ നിന്നും ജാനകി എന്ന തൊഴിലാളിയെ തിരഞ്ഞെടുത്തു. മേറ്റ് ലക്ഷ്മിക്കുട്ടി സ്വാഗതം പറഞ്ഞു അതിനു ശേഷംഅധ്യക്ഷയുടെ അനുവാദത്തോടെ വി. ആർ.പി സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് അവതരിപ്പിച്ചു.റിപ്പോർട്ടിൽ ഉൾക്കൊളിച്ച കാര്യങ്ങൾ തൊഴിലാളികൾക്ക് മനസിലാകും വിധം അവർക്ക് പറഞ്ഞു കൊടുത്തു. തൊഴിലാളികളിൽ നിന്നും ഉയർന്നു വന്ന ചോദ്യങ്ങൾക്കും സംശയങ്ങക്കും DEO മറുപടി പറഞ്ഞു.

## ഗ്രാമസഭ തീരുമാനങ്ങൾ

★ തൊഴിലാളികക്ക് അവരുടെ സുരക്ഷക്ക് ആവശ്യമായ കൈയുറ, കാലുറ, തണൽ ,പ്രഥമശുശ്രൂഷ കിറ്റ് എന്നിവ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കും.

★ വാർഡിൽ തൊഴിൽ ഇല്ലാത്തതിനാൽ അധികൃതരുടെ അനുവാദത്തോടെ അടുത്ത വർഡുകളിൽ പോയി ജോലി ചെയ്യാൻ തീരുമാനമായി.പുതിയ തൊഴിൽ കണ്ടതാനും തീരുമാനമായി.

★ മസ്റ്ററോൾ ഉദ്യോഗസ്ഥർ സൈറ്റിൽ എത്തിച്ചു കൊടുക്കുമെന്നും പ്രവൃത്തി ആരംഭ മീറ്റിങ്ങിൽ ഉദ്യോഗസ്ഥർ പങ്കെടുക്കാമെന്നും തീരുമാനമായി.

★ ജനകീയ എസ്റ്റിമേറ്റ് ലഭ്യമാക്കും.

★ ഒരേ സമയം വ്യത്യസ്ത സ്ഥലങ്ങളിൽ ജോലി ചെയ്യുന്നത് കൊണ്ട് മസ്റ്ററോൾ ഒരു സ്ഥലത്തുവച്ചു ഒപ്പുവക്കാൻ തീരുമാനമായി.

★ വിജിലെൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി പുനഃക്രമീകരിക്കുവാൻ തീരുമാനമായി.